Malappuram District Police

# സൈബർ തട്ടിപ്പ് : കാമറൂൺ സ്വദേശികളായ രണ്ട് പേരെ മഞ്ചേരി പോലീസ് അറസ്റ്റ് ചെയ്തു

**മഞ്ചേരി: (07.12.2018)**

ഹൈടെക് സാങ്കേതിക വിദ്യകളുപയോഗിച്ച് വിവിധ രീതിയിലുള്ള ഓൺലൈന് തട്ടിപ്പുകള് നടത്തിവരികയായിരുന്ന കാമറൂണ് നോർത്ത് വെസ്റ്റ് റീജ്യൻ സ്വദേശികളായ വെർദി ടെൻയ ണ്ടയോങ്ങ് (35 വയസ്സ്), ഡോഹ് കെൻ്റിന് ന്വാൻസുവ (37 വയസ്സ്) എന്നിവരെയാണ് മഞ്ചേരി പോലീസ് കഴിഞ്ഞ ദിവസം പുലർച്ചെ ഹൈദരാബാദില് നിന്നും അതിസാഹസികമായി അറസ്റ്റ് ചെയ്തത്.

പ്രതികളുടെ താമസസ്ഥലം രഹസ്യമായി ലൊക്കേറ്റ് ചെയ്ത പോലീസിനെ കണ്ട് രക്ഷപ്പെടാൻ ശ്രമിച്ച പ്രതികളെ മൽപ്പിടുത്തത്തിലൂടെയാണ് കീഴ്പ്പെടുത്തിയത്.

**കേസിനാസ്പദമായ സംഭവം**

മഞ്ചേരിയിലെ ഒരു സ്ഥാപനത്തിന്റെ പേരും റസീപ്റ്റുകളും വെബ്സൈറ്റും മറ്റും ഉപയോഗിച്ച് ആരോ വിവിധ ഉത്പന്നങ്ങൾ വാഗ്ദാനം ചെയ്ത് പണം തട്ടിയെന്ന് പറഞ്ഞ് ഇതര സംസ്ഥാനത്തിലെ ഒരാൾ പരാതിക്കാരനെ ബന്ധപ്പെട്ടതിനെ തുടർന്ന് നൽകിയ കേസിന്റെ അന്വേഷണത്തിലാണ് പ്രതികള് പിടിയിലാകുന്നത്.

പ്രതികളിൽ നിന്നും തട്ടിപ്പിനുപയോഗിക്കുകയായിരുന്ന മൊബൈല് ഫോണുകള്, സിം കാർഡുകള്, റൂട്ടറുകള്, ലാപ്ടോപ്പുകള് തുടങ്ങി നിരവധി സാധനങ്ങള് പിടിച്ചെടുത്തിട്ടുണ്ട്.

ഇതര സംസ്ഥാനങ്ങളിലുള്ളവരും, മറ്റ് രാജ്യക്കാരും ഇവരുടെ തട്ടിപ്പിനിരയായിട്ടുണ്ടെന്ന് സൂചനകൾ ലഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ പോലീസ് മേധാവി പ്രതീഷ് കുമാറിന്റെ നിർദ്ദേശപ്രകാരം ഡി.വൈ.എസ്.പി ജലീൽ തോട്ടത്തില്, സിഐ എൻ.ബി. ഷൈജു, എസ്ഐ ജലീൽ കറുത്തേടത്ത് എന്നിവരുടെ മേൽനോട്ടത്തില് സൈബര് ഫോറൻസിക് ടീം അംഗം എൻ.എം. അബ്ദുല്ല ബാബു, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷന് ടീം അംഗങ്ങളായ ടി.പി. മധുസൂദനൻ, ഹരിലാല്, ലിജിന്, ഷഹബിന് എന്നിവരാണ് ഹൈദരാബാദിൽ നിന്നും പ്രതികളെ അറസ്റ്റ് ചെയ്തത്.